വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

60 [6026] ശ്രീ. പി. ജയരാജൻ:
,, സാജു പോൾ:
,, പിരപ്പൻകോട് മുരളി:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്ത പുതിയ പദ്ധതികൾ ഏതൊക്കെയായിരുന്നു; മൊത്തം എന്തു തുക അതിനായി ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി;

(ബി) ഈ വർഷം ഏറെടുക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞ പദ്ധതികളെല്ലാം നടപ്പാക്കിയിട്ടുണ്ടോ; എന്തു തുക ഈ വർഷം ചെലവഴിക്കുകയുണ്ടായി;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെല്ലാം റോഡുകളും ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കുകയുണ്ടായി; ഈ വർഷം എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) അനുബന്ധം I കാണുക. അടിസ്ഥാന സൗകര്യവികസനത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 34.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.†

(ബി) ടി പദ്ധതികൾ നടപ്പിലാക്കി വരികയാണ്.

(സി) അനുബന്ധം II കാണുക.†

റോഡ് വികസനം

61 [6027] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി എത്ര കിലോമീറ്റർ റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്;

(ബി) ഇപ്രകാരം തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ റോഡുകളാണ് വികസനത്തിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 70 K.M. റോഡുകളുടെ പണി ഏറ്റെടുത്തിട്ടുണ്ട്. ഇതിന് പുറമെ നബാർഡിൽ ഉൾപ്പെടുത്തി 65 K.M. പണികളും ഏറ്റെടുത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിൽ വികസനത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത് താഴെ പറയുന്ന റോഡുകളാണ്:

(1) കോവളം ജംഗ്ഷനിൽനിന്നും ITDC-യിലേക്കുള്ള റോഡ്
(2) അഞ്ചാംകല്ലും ഹാർബറിലേക്കുള്ള റോഡ്
(3) വെളി ടൂറിസം വില്ലേജിലേക്കുള്ള റോഡ്
(4) വെളി-ശംഖുമുഖം റോഡ് (സർക്യൂട്ട് റോഡ്)
(5) മോഡൽ റോഡ് (കേശവദാസപുരം-കിഴക്കേകോട്ട)

അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം കോംപ്ലക്സുകൾ

62 [6028] ശ്രീ. വർക്കല കഹാർ:
„ എൻ. ഡി. അപ്പച്ചൻ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ശക്തൻ:
„ ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും അന്താരാഷ്ട്ര നിലവാരമുള്ള ടൂറിസം കോംപ്ലക്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം;

(ബി) എവിടെയെല്ലാം പുതുതായി ഇത്തരം കോംപ്ലക്സുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(സി) ഇത്തരം കോംപ്ലക്സുകൾ സ്ഥാപിക്കുവാനുള്ള സാദ്ധ്യത എവിടെയെല്ലാമുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ടൂറിസം വികസനം കണക്കിലെടുത്ത് ഇത്തരം കൂടുതൽ കോംപ്ലക്സുകൾ നിർമ്മിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിൽ പല സ്ഥലങ്ങളിലും സ്വകാര്യ മേഖലയിലുള്ള പഞ്ച നക്ഷത്ര ഹോട്ടലുകളിൽ ടി സൗകര്യങ്ങളുള്ള ടൂറിസം കോംപ്ലക്സുകൾ ഉണ്ട്.

(ബി—ഡി) ടൂറിസം വികസനം കണക്കിലെടുത്ത് അടിസ്ഥാന സൗകര്യ വിപുലീകരണത്തിന് മുൻതൂക്കം നൽകി ടൂറിസ്റ്റ് കേന്ദ്രങ്ങളെ വികസിപ്പിച്ചെടുക്കുക എന്നതാണ് ഗവൺമെന്റ് നയം. കൂടാതെ ടി കേന്ദ്രങ്ങളിലെത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം കണക്കിലെടുത്ത് അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനായി സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ ടി മേഖലയിൽ നിരവധി പദ്ധതികൾക്ക് സർക്കാർ നിർദ്ദേശങ്ങളും, സഹായങ്ങളും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly